# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6146 — 10.7.2012-ൽ മറുപടിയ്ക്ക്

' വീട്ടിൽ ഒരു മാവ് പദ്ധതി '

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ ആരംഭിച്ച 'വീട്ടിൽ ഒരു മാവ്' പദ്ധതിയുടെ വിശദാംശം നൽകുമോ ; | (എ) മാവിന്റെ വിളവിസ്തൃതി വ്യാപനത്തിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ ഹെക്ടറൊന്നിന് 18,000 രൂപ ധനസഹായം നൽകുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ മാവിന്റെ വിളവിസ്തൃതി വ്യാപനം ' വീട്ടിൽ ഒരു മാവ് ' എന്ന പേരിലാണ് നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിയെ കേരള സർക്കാരിന്റെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 9 ജില്ലകളിലെ 11 നിയോജകമണ്ഡലങ്ങളിലെ 102 പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്. കൂടാതെ പത്തനംതിട്ട ജില്ലയിലെ 5 പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ 9 പഞ്ചായത്തുകളിലും എറണാകുളം ജില്ലയിലെ പഞ്ചായത്തുകളിലും മാവിൻ തൈ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ പഞ്ചായത്തിലും 2007 മാവിൻതൈകളാണ് വിതരണം ചെയ്തത്. |
| (ബി) അമ്പലപ്പുഴ മണ്ഡലത്തിൽ ഏതു ഗ്രാമപ്പഞ്ചായത്തിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ; | (ബി) 2011-12 സാമ്പത്തിക വർഷത്തിൽ ഒരു വീട്ടിൽ ഒരു മാവ് പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിനെ ഉൾപ്പെടുത്തിയിട്ടില്ല. നടപ്പു സാമ്പത്തിക വർഷം ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പിലാക്കേണ്ടത് എന്നതിൽ തീരുമാനമായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഗുണമേന്മയുള്ള മാവിൻ തൈകൾ വിതരണം ചെയ്യാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | കൃഷി വകുപ്പിന്റെ ഫാം, കേരള കാർഷിക സർവ്വകലാശാലയുടെ ഫാം എന്നിവിടങ്ങളിൽ നിന്നും ലഭ്യമാകുന്ന ഗുണമേന്മയുള്ള തൈകൾ വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ഏത് ഏജൻസി വഴിയാണ് മാവിൻ തൈകൾ വിതരണം ചെയ്യുന്നത് ; മാവിൻ തൈ വിതരണത്തിന് സ്വകാര്യ ഏജൻസികളെയോ നഴ്സറികളയോ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ? | (ഡി) | മാവിൻ തൈകൾ വിതരണം ചെയ്യുന്നതിനുള്ള ഏജൻസികളെക്കുറിച്ച് തീരുമാനമായിട്ടില്ല. |

Sreekumar

**സെക്ഷൻ ഓഫീസർ**